പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3082 13.7.2015-ലെ മറുപടിക്ക്

## കാസർകോട് ജില്ലയിലെ ജയിലുകളിലെ തടവുകാർ

ചോദ്യം

ശ്രീ.ഇ.ചന്ദ്രശേഖരൻ

മറുപടി

ശ്രീ.രമേശ് ചെന്നിത്തല

(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | |
|---|---|
| എ) കാസർകോട് ജില്ലയിലെ ജയിലുകളിൽ റിമാന്റ്/വിചാരണ തടവുകാരുടെ എണ്ണം അനുവദിക്കപ്പെട്ടതിലും ഇരട്ടിയോളം വരുന്നതിനെ തുടർന്ന് സ്ഥിരമായി കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി പാർപ്പിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഇങ്ങനെ മാറ്റപ്പെട്ടവരെ കണ്ണൂരിൽ നിന്നും കാസർകോട്ടെ കോടതികളിൽ എത്തിക്കുന്നതിന് അധിക ബാധ്യതയുണ്ടാകുന്നുണ്ടോ; | (ബി) ഉണ്ട്. |
| സി) ഇതുമായി ബന്ധപ്പെട്ട് പൊതുജനത്തിനോ തടവുകാർക്കോ ഏതെങ്കിലും തരത്തിൽ സുരക്ഷാ ഭീഷണി നേരിടേണ്ടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) മാറ്റപ്പെട്ട പല തടവുകാർക്കും എതിർചേരിയിൽ നിന്നും ഭീഷണിയുള്ളതായി പോലീസ് അറിയിച്ചിട്ടുണ്ട്. എന്നാൽ പൊതുജനങ്ങൾക്ക് സുരക്ഷാഭീഷണി ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| ഡി) കാസർകോട് ജില്ലയിലെ റിമാന്റ്/വിചാരണ തടവുകാരെ ജില്ലയിൽ തന്നെ പാർപ്പിക്കുന്നതിനായി ജില്ലാ ജയിൽ നിർമ്മിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ? | ( ഡി)യും (ഇ)യും : കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ്ഗ് ജില്ലാ ജയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ പാർപ്പിടശേഷിയുള്ള ജില്ലാ ജയിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുണ്ട്. ഹോസ്ദുർഗ്ഗ് താലൂക്കിൽ പെരിയ വില്ലേജിൽ സർവ്വേ നമ്പർ 424-ൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള 10 ഏക്കർ സ്ഥലം ജില്ലാ ജയിൽ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ കളക്ടർക്ക് ജയിൽ വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| ഇ) എങ്കിൽ ഇതിനാവശ്യമായ സ്ഥലം ലഭ്യമാണോ; ഇല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ